**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5627 02.07.2019-ൽ മറുപടിക്ക്

**പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വയനാട് ജില്ലയിൽ മഴക്കാലത്ത് സ്ഥിരമായി വെള്ളപ്പൊക്കഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ; | എ) | വയനാട് ജില്ലയിൽ മഴക്കാലത്ത് സ്ഥിരമായി വെള്ളപ്പൊക്കഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി എത്ര ഏക്കർ ഭൂമിയാണ് വാങ്ങിയത്; എന്ത് തുക ചെലവഴിച്ചു; | ബി) | ഇതിനായി വയനാട് ജില്ലയിൽ 14.7 ഏക്കർ ഭൂമി 3,38,61,941/- രൂപ ചെലവഴിച്ച് വാങ്ങി 147 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വിഭാഗത്തിന് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്കെന്ന് വ്യക്തമാക്കുമോ; | സി) | പ്രസ്തുത ഭൂമി 147 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) | ലൈഫ് മിഷൻ പദ്ധതിയിലൂടെയാണോ ഇവർക്ക് വീട് വച്ച് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | ഡി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**